..........................................................................................................................**സ്കൂൾ**

## കെ.എസ്.ടി.എ യൂണിറ്റ് യോഗം ചേർന്ന് അംഗീകരിച്ച പ്രമേയം.

### ബഹുമാനപ്പെട്ട കേരള സംസ്ഥാന മുഖ്യമന്ത്രിക്ക്

അധ്യാപകരുടെ ജോലിസുരക്ഷ മുമ്പെങ്ങുമില്ലാത്ത തരത്തിൽ അപകടപ്പെട്ട കാലമാണിത്. കാത്തുകാത്തിരുന്ന് തസ്തികാനിർണയം നടന്നപ്പോൾ 12000 ത്തിലധികം അധ്യാപകർക്ക് തസ്തിക നഷ്ടപ്പെട്ടു. തസ്തിക നഷ്ടപ്പെട്ടവരെ സംരക്ഷിക്കാൻ അതേ വിദ്യാലയത്തിൽ 1 : 30 ഉം 1 : 35 ഉം അനുപാതത്തിൽ ക്രമീകരിക്കാൻ തീരുമാനിച്ചുവെങ്കിലും വളരെ കുറച്ച് പേർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിച്ചുള്ളൂ. സർക്കാർ മേഖലയിൽ തസ്തിക നഷ്ടമായവരെ നിലനിർത്താൻ, ഉപജില്ലയിൽ മുമ്പ് സൂചിപ്പിച്ച രീതിയിൽ ക്രമീകരണം നടത്തിയെങ്കിലും അതും നാമമാത്രമായി. 1 : 30, 1 : 35 എന്ന അനുപാതത്തിൽ അധ്യാപകരെ താൽക്കാലികമായി ക്രമീകരിക്കുന്ന ഘട്ടത്തിൽ ഭാഷാധ്യാപകർ, സ്പെഷലിസ്റ്റ് അധ്യാപകർ എന്നിവരുടെ കാര്യം ആലോചിച്ചിട്ടേയില്ല. ഈ ക്രമീകരണത്തിന് ശേഷവും 9000 ത്തിലധികം അധ്യാപകർ തസ്തിക നഷ്ടപ്പെട്ടവരായി. 6340 പേരെ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്ന ഉത്തരവ് പുറത്തുവന്നു. പ്രൈമറിയിലേയും ഹൈസ്കൂളിലേയും അധ്യാപകരെ തസ്തികയേതെന്ന് നോക്കാതെ ആർട്ട്/പ്രവൃത്തിപരിചയം/കായിക വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാരായി നിയമിക്കാനാണ് നിർദ്ദേശം. ഭാഷയും വിവധ വിഷയങ്ങളും പഠിപ്പിക്കേണ്ട അധ്യാപകരെ ഇത്തരത്തിൽ ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ലെന്നു മാത്രമല്ല, ശേഷിച്ചവരെ എന്തുചെയ്യുമെന്നും പറഞ്ഞിട്ടില്ല. ഇതെല്ലാം താൽക്കാലികമായ സംവിധാനങ്ങൾ മാത്രമാണ്. ശാശ്വതമായി ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ച് തസ്തിക സൃഷ്ടിച്ച് അധ്യാപകരെ നിലനിർത്തണം.

ഒന്നാം പാദവാർഷികപ്പരീക്ഷ അവസാനിച്ചുവെങ്കിലും ലക്ഷക്കണക്കിന് പാഠപുസ്തകങ്ങളാണ് സംസ്ഥാനത്തെ കുട്ടികൾക്ക് ഇനിയും ലഭിക്കാനുള്ളത്. അടിയന്തിരമായി പാഠപുസ്തകങ്ങൾ ലഭ്യമാക്കണം. കഴിഞ്ഞവർഷത്തെ യൂണിഫോം വിതരണം പൂർത്തിയായിട്ടില്ല. ഈ വർഷത്തെ യൂണിഫോമിനെ കുറിച്ചും ഒരാലോചനയും നടക്കുന്നില്ല. ഇക്കാര്യത്തിലും അടിയന്തിര നടപടി വേണം. ഹയർസെക്കന്ററി മേഖലയിലെ അധ്യാപകരുടെ പ്രമോഷനുകൾ സ്ഥലംമാറ്റം തുടങ്ങിയ വിവിധ പ്രശ്നങ്ങൾ നിലനിൽക്കുന്നു. കാലങ്ങളായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ് വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ പരിഹരിക്കാതെ കിടക്കുന്നത്. പുതിയ ഹയർസെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമഗ്രമായി അന്വേഷിക്കാനും തയ്യാറാകണം.

മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിലെ കെ കെ അനീഷ് എന്ന അധ്യാപകന്റെ ദാരുണമായ മരണത്തിന് കാരണമായത് വിദ്യാഭ്യാസരംഗത്തെ വികലനയങ്ങളാണ്. ഭരണസ്വാധീനമുപയോഗിച്ചാണ് നിസ്സാരകാരണങ്ങൾ ചൂണ്ടിക്കാട്ടി അദ്ദേഹത്തെ പിരിച്ചുവിട്ടത്. ജില്ലാവിദ്യാഭ്യസ ആഫീസർ തിരിച്ചെടുക്കാൻ നിർദ്ദേശിച്ചുവെങ്കിലും മാനേജർ അനുസരിച്ചില്ല. വിദ്യാഭ്യാസ ഉപഡയറക്ടറെ സ്വാധീനിച്ചും സമ്മർദ്ദം ചെലുത്തിയും ജോലിയിൽ നിന്ന് പിരിച്ചുവിടുകയായിരുന്നു. ഇതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാതി നൽകിയെങ്കിലും നടപടിയൊന്നുമായില്ല. സ്കൂൾ മാനേജർ മാത്രമല്ല അദ്ദേഹത്തിന്റെ മരണത്തിന് ഉത്തരവാദിയെന്നാണ് ഇതിൽ നിന്നെല്ലാം വ്യക്തമാവുന്നത്. അതുകൊണ്ടുതന്നെ കെ കെ അനീഷ് മാസ്റ്ററുടെ മരണത്തെക്കുറിച്ച് സമഗ്രാന്വേഷണം നടത്തണം; സ്കൂൾ മാനേജർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണം.

മേൽ സൂചിപ്പിക്കപ്പെട്ട വിവിധ വിഷയങ്ങളിൽ അടിയന്തിരമായി നടപടി വേണമെന്ന് ഞങ്ങൾ സർക്കാരിനോട് ആവശ്യപ്പെടുന്നു.

**അദ്ധ്യക്ഷൻ**

.................................................................................................................സ്കൂൾ
യൂണിറ്റ്
കെ എസ് ടി എ

**സ്ഥലം :**
തീയതി :

***പകർപ്പ്***
**ബഹു : കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രി.**
**ബഹു : പൊതുവിദ്യാഭ്യാസ സെക്രട്ടറി.**